# അമ്മത്തൊട്ടിൽ (കവിത)

**റഫീഖ് അഹമ്മദ്**

- **റഫീക്ക് അഹമ്മദ് –** തൃശ്ശൂർ ജില്ലയിൽ ജനനം . പുതുതലമുറയിൻ ശ്രദ്ധേയനായ കവി. പാരമ്പര്യവും പുതുമയും കൂട്ടിച്ചേർത്ത രചനാ രീതി ചലച്ചിത്ര ഗാനരചയിതാവ് എന്ന നിലയിൽ പ്രസിദ്ധൻ.
- **പ്രധാന കൃതികൾ :** – പാറയിൽ പണിതത്, സ്വപ്ന വാങ്മൂലം,ആൾമറ, ചീട്ടുകളിക്കാർ , ഗ്രാമ വൃക്ഷത്തിലെ വവ്വാൽ, ശിവകാമി , തോരാമഴ എന്നിവ കവിതാ സമാഹാരങ്ങൾ.

- *അമ്മത്തൊട്ടിൽ – തെരുവിലുപേക്ഷിക്കപ്പെടുന്ന അനാഥരായവരെ/ചോരക്കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിനായി സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് അമ്മത്തൊട്ടിൽ . കവിതയിൽ അമ്മയെ ഉപേക്ഷിക്കുവാനുള്ള ഇടമാകുന്ന –അമ്മത്തൊട്ടിൽ .ഇവിടെ ഭാര്യയുടെ നിർബന്ധത്തിനു വഴങ്ങി സ്വന്തം അമ്മയെ ഉപേക്ഷിക്കാൻ ഇറങ്ങിപ്പുറപ്പെട്ട മകന്റെ കാഴ്ചകളിലൂടെ,ഓർമകളിലൂടെ, ചിന്തകളിലൂടെ ഇതൾവിരിയുന്ന ഹൃദയസ്പർശിയായ ആവിഷ്കാരമായി "അമ്മത്തൊട്ടിൽ" മാറുന്നു.*

- ആധുനിക കാലത്ത് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മനുഷ്യബന്ധങ്ങളുടെ പ്രാധാന്യവും വാർധക്യത്തെ ഉൾകൊള്ളാൻ കഴിയാത്ത പുതുതലമുറയുടെ മനോഭാവവും കവിതയ്ക്ക് വിഷയമാകുന്നു.
- കാലം സാമൂഹിക ജീവിതത്തിൽ വരുത്തിയ സാംസ്കാരിക ലോപം മനുഷ്യത്വ രാഹിത്യം സ്നേഹശൂന്യത, ലോഭചിന്ത, സ്വാർത്ഥത തുടങ്ങി മാനവത്വം (മനുഷ്യത്വം) ഹനിക്കുന്നതിനെയെല്ലാം ആർജ്ജവ ഭാവത്തിൽ കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നു.
- അരുതായ്മകൾ വർദ്ധിച്ചുവരുന്ന സമകാലിക കേരളീയ സമൂഹത്തിൽ അമ്മത്തൊട്ടിൽ ഏറെ പ്രസക്തം തന്നെ.

**കവിതാപഗ്രഥനം**

- എത്ര ശ്രമിച്ചിട്ടും അമ്മയെ കാറിന്റെ പിൻസീറ്റിൽ നേരെയിരുത്തുവാൻ മകന് കഴിഞ്ഞില്ല. അമ്മ ഒരു വശത്തേക്ക് ചരിഞ്ഞ് മടങ്ങിയിരുന്നു .അമ്മയെ ഉപേക്ഷിക്കാൻ തീരുമാനിച്ച മകൻ , ***ജീവിതത്തിന്റെ പിൻസീറ്റിലേക്ക്*** അമ്മയെ മാറ്റാൻ ശ്രമിക്കുന്നു.
- നീരറ്റ് വറ്റി വരണ്ട കൈച്ചുള്ളികൾ (കൈകളാകുന്ന ചുള്ളികൾ) മാറോട് ചേർത്ത് വച്ചിട്ടുണ്ട്.
- ശാരീരികമായി ഏറെ പ്രവാസങ്ങളും അനുഭവിക്കുന്നുണ്ടെങ്കിലും തന്നെ എങ്ങോട്ട് , എന്തിന് കൊണ്ടുപോകുന്നു എന്ന് പോലും അമ്മ ചോദിക്കുന്നില്ല.
- മങ്ങി പഴകിയ , കഴുകിക്കഴുകി പഴകിയ പാത്രം നിറം മങ്ങുന്നത് –( ***വാർധക്യം , രോഗാവസ്ഥ സൂചന)***
- കെട്ട കാഴ്ച്ചകൾ കണ്ടു കണ്ട് നിറം പോയ കണ്ണുകൾ – പാടയും പീളയും മൂടിയ കണ്ണുകൾ അമ്മ ഏറെ പണിപ്പെട്ട് അടച്ച് തുറന്നു. (***ദീനം – ദൈന്യം)***

- ആദ്യം വിജനമായ തെരുവിലേക്ക് നീങ്ങുന്നു. (ആകാശഗോപുരങ്ങൾക്ക് താഴെ നാളെ ഉണർവോടെയുള്ള തുടക്കത്തിനായി ശ്രമിക്കുന്ന തെരുവീഥികൾ)
- ആധുനിക ലോകത്തിന്റെ സംഭാവനയായ മാളിന്റെ സമീപത്ത് ഉപേക്ഷിക്കാനുള്ള ശ്രമം പെറ്റു കിടക്കുന്ന തെരുവു പട്ടിയുടെ ഊറ്റത്തിന് മുമ്പിൽ ഉപേക്ഷിക്കേണ്ടി വരുന്നു. .
- തുടർന്ന് ജില്ലാശുപത്രിക്ക് സമീപം അമ്മയെ ഉപേക്ഷിക്കാൻ ഒരുങ്ങുന്നു. അപ്പോൾ കുട്ടിക്കാലത്ത് പനിച്ചതും അമ്മ തന്നെ എടുത്തുകൊണ്ട് ആശുപത്രിയിൽ എത്തിച്ചതും ഓർക്കുന്നു. അന്നത്തെ സൂചിപ്രയോഗം ശരീരത്തിന് വേദന നൽകിയെങ്കിൽ അമ്മയെ ഉപേക്ഷിക്കാനുള്ള ചിന്ത ***നീറ്റലായി*** മാറുന്നു.
- പിന്നീട് വിദ്യാലയ പരിസരത്തെത്തിയപ്പോഴാകട്ടെ മകനെ വിദ്യാലയത്തിലാക്കി ചുറ്റുമതിലിനപ്പുറം കാത്തുനിൽക്കുന്ന അമ്മയുടെ ചിത്രം കനലായി മനസ്സിലെത്തുന്നു. അവിടെ ഉപേക്ഷിക്കപ്പെടുന്നില്ല. വാഹനം മുന്നോട്ടുപോയി.
- ഇനി എവിടെ കൊണ്ടിറക്കണമെന്ന് കുഴങ്ങി നിൽക്കുമ്പോഴാണ് , സ്വയം ബുദ്ധിക്ക് തെളിമ നഷ്ടപ്പെടുംവരെ (ബുദ്ധികെട്ട് കരിന്തിരിയാളുക) അമ്മ പറഞ്ഞുകൊണ്ടിരുന്ന ദേവാലയത്തിൽ ഉപേക്ഷിച്ചാലോ എന്ന് ചിന്തിക്കുന്നു.
- അപ്പോൾ അശാന്തനായ ഈശ്വരൻ പുറത്തേക്കിറങ്ങിയതുപോലെ ഒരു കാറ്റ് മകന്റെ അരികിലൂടെ കടന്നുപോയ് (ദൈവം പോലും പൊറുക്കാത്ത പ്രവൃത്തി ) മാതാ പിതാ ഗുരു -ദൈവം. അമ്മയെ ക്ഷേത്രനടയിൽ ഉപേക്ഷിക്കാൻ വരുന്ന മകനെ കണ്ട് ***ദൈവം കോവിൽ വിട്ടു പുറത്തിറങ്ങി എന്നും ധ്വനി.***
- രാത്രിയിൽ ഏറെ തണുത്തപ്പോൾ ,കാറിന്റെ ചില്ലുയർത്തിയപ്പോൾ അമ്മ വയറ്റത്ത് പറ്റി കിടന്ന ചൂടും-(കരിമ്പടം) മുഷിവും കാച്ചെണ്ണ മണവും പുലർച്ചയിൽ അടുക്കളയിൽ തീ പിടിപ്പിക്കുമ്പോൾ ഉയരുന്ന ഓലക്കൊടികളുടെ മണവും- എല്ലാം ചേർന്ന് മകനെ തെറ്റു ചെയ്യാതെ മടങ്ങിപ്പോകാനും അമ്മയെന്ന സുകൃതത്തെ തിരിച്ച് വീട്ടിലെത്തിക്കാനും പ്രേരിപ്പിക്കുന്നു.
- തിരികെ വീട്ടിലെത്തുമ്പോൾ ഒന്നിനും കൊള്ളരുതാത്തതെന്നവൾ (ഭാര്യ) ,പഴി പറയും തീർച്ച.എങ്കിലും മടങ്ങാതെ വയ്യ. തലക്കകത്ത് എന്തൊക്കെയോ പെരുക്കുന്നതുപോലെ അനുഭവപ്പെടുന്നു.
- മകൻ മെല്ലെ തിരിഞ്ഞുനോക്കുമ്പോൾ പിറകിലെ സീറ്റിൽ വലത്തോട്ട് പൂർണ്ണമായ് ചാഞ്ഞ് മടങ്ങി മയങ്ങിക്കിടക്കുന്ന അമ്മയെയാണ് കാണുന്നത്.

➢ പീളയടിഞ്ഞ് നിറം പോയ കണ്ണുകൾ – എന്തേ അടക്കാതെ വച്ചമ്മ നിർദ്ദയം? അടക്കാത്ത അമ്മയുടെ കണ്ണുകൾ അവരെ നിർദ്ദയം പൊള്ളിക്കുന്നതാണ് അഥവാ പിന്നെയും മകനായി , മകന്റെ സുരക്ഷയ്ക്കായി തുറന്നു പിടിക്കുകയാണ് ആ കണ്ണുകൾ .

***വരികൾ ................................................... വരികൾ***

- ***മങ്ങി പഴകിയ പിഞ്ഞാണ വർണ്ണമായ്***
- അമ്മയുടെ വാർധക്യം രോഗാവസ്ഥ, കണ്ണിന്റെ വെളിച്ചം നഷ്ടപ്പെട്ടത്,
- പോള ഉുങ്ങി പീളയടിഞ്ഞു -ദീനത,ദൈന്യം –

- കണ്ണിമ ചിമ്മാതെ കുഞ്ഞുങ്ങള പരിപാലിക്കുന്നു . മക്കൾക്ക് വേണ്ടി എത്ര കാലം കാത്തിരിക്കാനും തയ്യാർ – പുതിയ കാലത്തെ കെട്ട (ദുഷിച്ച )കാഴ്ച്ചകൾ കണ്ട്കണ്ട് നിറം മങ്ങിയത്.

◆ ***ഇപ്പെരും മാളിന്റെ (ഇപ്പെരുമാളിന്റെ)–........................***

◆ പുതിയ കാലത്തെ ***മാൾ*** സംസ്കാരം – എല്ലാം പണം കൊടുത്ത് വാങ്ങാൻ കിട്ടും. പുതുതലമുറയെ സംബന്ധിച്ച് അവരുടെ ഇഷ്ടങ്ങൾ എല്ലാം സാധിച്ചു കൊടുക്കുന്ന സ്ഥലം. -ഉപഭോഗസംസ്കാരം ***-വാങ്ങുക, ഉപയോഗിക്കുക, വലിച്ചെറിയുക*** (ഉപഭോഗസംസ്കാരം ജീവിതത്തിലേക്കും പകർത്തുന്നതിന്റെ -**സൂചന)**

◆ **ഇഷ്ട കാര്യ സാധ്യത്തിന് പാർഥന (ഈശ്വരൻ) –*ക്ഷേത്രത്തിൽനടതള്ളുക***

◆ ***പെറ്റുകിടക്കുന്ന തെരുവുപട്ടി ...........................................................കുരച്ചത് ചാടി***

- ഈറ്റു പട്ടിക്ക് ഉശിരു കൂടും – കുട്ടിയെ സംരക്ഷിക്കാനുള്ള വ്യഗ്രത. അടുത്തേക്ക് വന്ന വർക്ക് നേരെയുള്ള ശൗര്യം –
- വിശേഷ ബുദ്ധിയില്ലാത്ത ആ മൃഗത്തിന്റെ ബുദ്ധിപോലുമില്ലാതാകുന്ന മനുഷ്യ സമൂഹം മൃഗങ്ങളിൽ പോലും മാതൃ – പുത്ര ബന്ധത്തിന്റെ ഊഷ്മളത ദൃശ്യമാകുമ്പോൾ ജന്മം നൽകി, വളർത്തിയ അമ്മയെ തെരുവിലേക്ക് വലിച്ചെറിയാൻ ശ്രമിക്കുന്നു .
- പ്രകൃതിയും മിണ്ടാപ്രാണിയും പരിഷ്കൃതരായ മനുഷ്യന് നൽകുന്ന പാഠങ്ങൾ.

◆ ***കുട്ടിയേകാന്തത കണ്ണുപൊത്തിക്കളിക്കുന്ന ...................................വിദ്യാലയ മുറ്റം***

◆ രാത്രി സ്കൂൾ മുറ്റം വിജനം – പകൽ കുട്ടികളെ കൊണ്ട് സമൃദ്ധം. കുട്ടികൾ ഏർപ്പെടുന്ന വിവിധ കളികൾ ( കണ്ണ് പൊത്തി കളി )– രാത്രിയിൽ , സ്കൂൾ മുറ്റത്ത് ***ഏകാന്തത*** മാത്രമാണ് ***കുട്ടിയായിട്ട്*** കണ്ണ്പൊത്തികളിയിൽ ഏർപ്പെട്ടിരിക്കുന്നത്.

◆ **പിച്ചിയതാര് ? കരിഞ്ഞൊരി കൈകളോ –**

- ശാഠ്യംപിടിച്ച് കരഞ്ഞപ്പോൾ, പണ്ട് അമ്മ പിച്ചിയത് കവി (മകൻ)ഓർക്കുന്നു. ഇന്ന് വാർധക്യം ബാധിച്ച് നീരുവറ്റി ശോഷിച്ച കൈകൾ ( കരിഞ്ഞൊരീ കൈകൾ) കാണുമ്പോൾ മകനിൽ പഴയതും പുതിയതുമായ കാഴ്ചകളുടെ മിന്നലാട്ടമുണ്ടാകുന്നു..

- **സ്വയം ബുദ്ധികെട്ട്.................................................... കരിന്തിരിയാളും വരെയവർ.**

- വാർധക്യം ബാധിച്ച അമ്മ – ബുദ്ധിയുടെ തെളിമ നഷ്ടപ്പെട്ട മാതൃത്വം – ബുദ്ധിയുടെ ദീപ്തി (വെളിച്ചം) നഷ്ടപ്പെടുന്നതുവരെ
- **കരിന്തിരിയാളുക**– തിരിയിട്ട്, എണ്ണ ഒഴിച്ച് വിളക്ക് കത്തിക്കാറുണ്ടല്ലോ. അവസാനം എണ്ണ വറ്റി, തിരി മുഴുവനായി കത്തി,തീ അണയുമ്പോൾ ***കരിന്തിരിയായി*** അവശേഷിക്കുന്നു .

- ബുദ്ധിയുടെ സ്ഥിരത (തെളിമ) നഷ്ടപ്പെട്ട് അവശയാകും വരെ.

◆ **ഒന്നിനും കൊള്ളരുതാത്തവനെന്നവൾ ............................................. ഇന്നും പഴി.**

- ഭാര്യയെ പേടിക്കുന്ന ഭർത്താവ് . മാതാവിനെ ഉപേക്ഷിക്കാൻ പോയവൻ , അതിന് കഴിയാതെ തിരിച്ചു വരുമ്പോൾ ഭാര്യയിൽ നിന്നുണ്ടായേക്കാവുന്ന പരിഹാസം ധ്വനിപ്പിക്കുന്നു.
- പുതുതലമുറയിൽ കൈമോശം വന്നു പോകുന്ന കുടുംബ ബന്ധങ്ങളിലെ ഇഴയടുപ്പം, പവിത്രത എന്നിവയെ വ്യംഗ്യമായി സൂചിപ്പിക്കുന്നു.

◆ **പീളയടിഞ്ഞ് നിറം പോയ കണ്ണുകൾ എന്തേയടക്കാതെ വച്ചമ്മ നിർദ്ദയം ? സൂചന**

- യാത്രക്കിടയിലെ അമ്മയുടെ മരണം
- കെട്ട കാലത്തെ കാഴ്ചകൾക്ക് നേരെ തുറന്നു വച്ച കണ്ണ്
- മക്കൾക്ക് വേണ്ടി എത്ര കാലം കാത്തിരിക്കാനും തയ്യാറാണ്
- കണ്ണിമ ചിമ്മാതെ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്ന മാതൃത്വം
- മകന്റെ സുരക്ഷക്കായ് തുറന്നു പിടിച്ച കണ്ണുകൾ

## ◆ അർഥഭേദം കുറിക്കാം – അടിവരയിട്ട പദങ്ങളുടെ അർഥ വ്യത്യാസം കുറിക്കുക

- ഒരു രസവുമില്ലാതെയാണ് കുട്ടികൾ പഠനയാത്ര പോയത് **(താൽപര്യം)**
- വിവാഹ സദ്യയിലെ പായസത്തിന് നല്ല രസമായിരുന്നു . **(രുചി)**

- അമ്മ പിൻസീറ്റിൽ ഓരം ചെരിഞ്ഞു മടങ്ങിയിരുന്നു **(വശം)**
- ഓർക്ക് ഇതെല്ലാം കാണാൻ ഏടേം പോണോന്നില്ല **(അവർക്ക് / അദ്ദേഹത്തിന്)**

- കോരൻ അരി അന്വേഷിച്ച് ഊന്നി നടന്നു.**(വള്ളം തുഴഞ്ഞ് )**
- പ്രസംഗത്തിൽ വിദ്യാഭ്യാസ പ്രാധാന്യത്തെക്കുറിച്ച് ഊന്നിപ്പറയുകയുണ്ടായി. **(ബലപ്പെടുത്തി. അടിവരയിട്ട്)**
- വൃക്ഷങ്ങളെ താങ്ങി നിർത്തുന്നത് വേരുകളാണ് (വെള്ളവും വളവും വലിച്ചെടുക്കുന്ന **വേരുകൾ)**
- അപ്പോൾ നമ്മുടെ വേരുകളോ .അതും ഈ അമ്മയായ ഭൂമിയിൽ തന്നെ . **(പാരമ്പര്യവും സംസ്കാരവും** സൂചിപ്പിക്കുന്നു)

---

**തയ്യാറാക്കിയത് : സുരേഷ് അരീക്കോട്**
MA (Malayalam), MA (English), MA(journalism)
HST. Malayalam.,GHSS AREEKODE,Malappuram
*PH:9562521509.Email: sbtckr@gmail.com*